LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചാലക്കുടി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിലേക്കായി മുകുന്ദപുരം താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 435/1, 437/1,437/2-ൽ ഉൾപ്പെട്ട 1.4812 ഹെക്ടർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഫയർ ഫോഴ്സിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും, ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

268 (2143) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്./ ഐ.പി.എസ്./ഐ.എഫ്.എസ് റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കൂടുതൽ വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എ.എസ്./ ഐ.പി.എസ്./ഐ.എഫ്.എസ്. റാങ്കിലുള്ള 12 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി) 2012-13 വർഷത്തിലെ വാർഷിക സ്ഥിതി വിവര കണക്കുകൾ അനുസരിച്ച് റവന്യൂ പഞ്ചായത്ത് എന്നീ വകുപ്പുകളിലേയും, 2013-14 വർഷത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയുമാണ് ഏറ്റവും കൂടുതൽ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.